# കേരള കാർഷിക സർവ്വകലാശാല

## കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം, ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര.

**കാർഷിക നിർദ്ദേശക ബുള്ളറ്റിൻ**

(ടെലിഫോൺ: 04872371931)

**തൃശ്ശൂർ**

**E mail: kauagmet@yahoo.co.in**

**കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.**

**എ.എഎസ് 22/16, വെള്ളിയാഴ്ച** **തീയ്യതി 27.05.2016**

**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 28.05.2016 | 29.05.2016 | 30.05.2016 | 31.05.2016 | 01.06.2016 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 24 | 25 | 15 | 24 | 25 |
| ഉയർന്ന താപനില (°C) | 32 | 32 | 32 | 32 | 32 |
| കുറഞ്ഞ താപനില (°C) | 24 | 24 | 24 | 23 | 23 |
| മേഘവ്യാപ്തി (ഒക്ട) | 6 | 6 | 6 | 6 | 6 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 90 | 90 | 90 | 90 | 90 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 70 | 70 | 70 | 70 | 70 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/ മണിക്കൂർ) | 006 | 006 | 006 | 006 | 006 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 290 | 290 | 290 | 270 | 270 |

**കാർഷിക നിർദ്ദേശങ്ങൾ:**

| വിളകൾ | വളർച്ചാഘട്ടം/രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (ജ്യോതി, കാഞ്ചന) | വിത്ത് വിതയ്ക്കൽ | വിരിപ്പുകൃഷിക്കായുള്ള നെൽവിത്തൊരുക്കുമ്പോൾ സ്യൂഡോമോണാസ് 10 ഗ്രാം 1 കി.ഗ്രാം വിത്തിന് എന്ന തോതിൽ വിത്തുമായി കലർത്തി 12-14 മണിക്കൂറിന് ശേഷം വിതച്ചാൽ വിത്തുവഴി പകരുന്ന തവിട്ടുപ്പുള്ളിക്കുത്ത്, ബ്ലാസ്റ്റ് എന്നീ രോഗങ്ങൾ ചെറുപ്രായത്തിൽ തന്നെ തടയാം. |
| വാഴ | പി ിപ്പുഴു | വാഴകളിൽ പിപ്പുഴുവിന്റെ ആക്രമണം കാണുകയാണെങ്കിൽ ആരംഭഘട്ടത്തിൽ തന്നെ 2% വീര്യമുള്ള വേപ്പെണ്ണ–വെളുത്തുള്ളി–സോപ്പ് മിശ്രിതം തളിക്കുക. അധികമായാൽ 3 മി.ല്ലി. ക്ലോർപൈറിഫോസ് ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് ഏതെങ്കിലും പശ ചേർത്തു വാഴത്തടയിൽ തേച്ച് പിടിപ്പിക്കുക. |
| കുരുമുളക് | ദ്രുതവാട്ടം | കുരുമുളകിൽ ദ്രുതവാട്ടരോഗം കാണാൻ സാധ്യതയു്. ദ്രുതവാട്ടരോഗം വരാതിരിക്കാൻ ട്രൈക്കോഡെർമ അഥവാ സ്യൂഡോമോണാസ് എന്നീ കൾച്ചറുകൾ ഉപയോഗിക്കുക അല്ലെങ്കിൽ 1% വീര്യമുള്ള ബോർഡോ മിശ്രിതം തളിച്ചുകൊടുക്കുക. |
| ഇഞ്ചി, മഞ്ഞൾ | നടീൽ | ഇഞ്ചി, മഞ്ഞൾ എന്നിവ നടാൻ അനുയോജ്യമായ സമയമാണ്. |
| പച്ചക്കറികൾ (വിവിധ ഘട്ടങ്ങൾ) | ഇലതീനിപ്പുഴു | ഇലതീനിപ്പുഴുവിന്റെ ആക്രമണം തടയാൻ പുകയിലകഷായം തളിക്കുക. |